# മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

എറണാകുളം

പാറക്കടവ് ബ്ലോക്ക്

നെടുമ്പാശ്ശേരി പഞ്ചായത്ത്

വാർഡ്-XVIII (പൊയ്ക്കാട്ടുശ്ശേരി സൗത്ത് )

സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019

റിപ്പോർട്ട് തയാറാക്കിയത്

സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, പാറക്കടവ്

ജസ്റ്റിൻ മാത്യു

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്കന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു പണം ചെലവഴിക്കുന്നതിനെസംബന്ധിച്ച് പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു**.

| Sl no | അവകാശങ്ങൾ | |
|---|---|---|
| 1 | തൊഴിൽകാർഡിനായി അപേക്ഷിക്കുവാനും 15ദിവസത്തിനകം ലഭിക്കുവാനുള്ള അവകാശം | ഷെഡ്യൂൾ 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | ഷെഡ്യൂൾ 1 |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | സെഷൻ 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | ഷെഡ്യൂൾ 2പാരഗ്രാഫ് 18 & പാരഗ്രാഫ് 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | ഷെഡ്യൂൾ2 പാരഗ്രാഫ് 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | സെഷൻ3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | സെഷൻ 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | സെഷൻ 19, & സെഷൻ 17( 2) |

## MIS പ്രകാരമുള്ള വിവരങ്ങൾ

| **State : KERALA , District : ERNAKULAM Block : Parakkadavu, Panchayat : Nedumbassery** | | | **As on 08-08-19** |
|---|---|---|---|
| **I Job Card** | | | |
| Total No. of JobCards issued | | | 3,081 |
| Total No. of Workers | | | 4,015 |
| Total No. of Active Job Cards | | | 995 |
| Total No. of Active Workers | | | 1,149 |
| (i)SC worker against active workers[%] | | | 31.24 |
| (ii)ST worker against active workers[%] | | | 0 |
| **II Progress** | **FY 2019-2020** | **FY 2018-2019** | **FY 2017-2018** |
| Approved Labour Budget | 0 | 0 | 0 |
| Persondays Generated so far | 8,880 | 65,786 | 36,337 |
| % of Total LB | 0 | 0 | 0 |
| % as per Proportionate LB | 0 | | |
| SC persondays % as of total persondays | 27.84 | 27.13 | 28.13 |
| ST persondays % as of total persondays | 0 | 0 | 0 |
| Women Persondays out of Total (%) | 91.93 | 91.01 | 93.41 |
| Average days of employment provided per Household | 21.24 | 87.13 | 53.75 |
| Average Wage rate per day per person(Rs.) | 270.5 | 272.79 | 257.95 |
| Total No of HHs completed 100 Days of Wage Employment | 0 | 326 | 54 |
| Total Households Worked | 418 | 755 | 676 |
| Total Individuals Worked | 445 | 837 | 709 |
| Differently abled persons worked | 0 | 0 | 0 |

| | | | |
|---|---|---|---|
| Number of GPs with NIL exp | 0 | 0 | 0 |
| Total No. of Works Takenup (New+Spill Over) | 201 | 275 | 192 |
| Number of Ongoing Works | 160 | 197 | 95 |
| Number of Completed Works | 41 | 78 | 97 |
| % of NRM Expenditure(Public + Individual) | 83.19 | 85.75 | 97.73 |
| % of Category B Works | 59.7 | 63.27 | 65.62 |
| | | | |
| Total Exp(Rs. in Lakhs.) | 27.68 | 191.84 | 153.25 |
| Wages (Rs. In Lakhs) | 24.81 | 178.86 | 94.38 |
| Material and skilled Wages (Rs. In Lakhs) | 2.12 | 8.19 | 51.26 |
| Material (%) | 7.89 | 4.38 | 35.2 |
| Total Adm Expenditure (Rs. in Lakhs.) | 0.75 | 4.79 | 7.61 |
| Admin Exp(%) | 2.72 | 2.5 | 4.97 |
| Average Cost Per Day Per Person (In Rs.) | 405.32 | 293.42 | 336.02 |
| % of Total Expenditure through EFMS | 100 | 100 | 99.99 |
| % payments gererated within 15 days | 100 | 98.62 | 99.54 |

# പരിശോധനക്ക് വിധേയമാക്കിയ പ്രവർത്തികൾ

| | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | കൂലിയിനത്തിൽ ചിലവഴിച്ച പണം | തൊഴിൽ ദിനങ്ങൾ | ഇലക്ട്രോണിക് മസ്റ്റർ റോൾ എണ്ണം | പ്രവർത്തിയുടെ നടന്ന കാലം |
|---|---|---|---|---|---|---|
| 1 | 1608010003/IF/366489 | നീർത്തടാടിസ്ഥാനത്തിൽ ചെറുകിട നാമമാത്ര കർഷകർക്ക് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഭാഗം 2 വാർഡ് 18 | 148237 | 547 | 21 | 3/1/19<br>30/1/19 |
| 2 | 1608010003/LD/241793 | തരിശ്/പാഴ് ഭൂമി കൃഷിയോഗ്യമാക്കൽ ഭാഗം 1(വാർഡ് 18) | 146882 | 542 | 25 | 1/11/18<br>28/11/18 |
| 3 | 1608010003/LD/241797 | തരിശ്/പാഴ് ഭൂമി കൃഷിയോഗ്യമാക്കൽ ഭാഗം 2(വാർഡ് 18) | 148237 | 547 | 20 | 4/12/18<br>24/12/18 |
| 4 | 1608010003/IF/324380 | ഭവന നിർമ്മാണം 1(വാർഡ് 18) | 24390 | 90 | 16 | 22/5/18<br>10/2/19 |
| 5 | 1608010003/IF/313543 | നീർത്തടാടിസ്ഥാനത്തിൽ ദുർബല ജന വിഭാഗങ്ങൾക്ക് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഭാഗം 1(വാർഡ് 18) | 149237 | 410 | 16 | 8/8/18<br>11/10/18 |
| 6 | 1608010003/WH/303897 | മരങ്ങാട് തോട്,പോട്ട തോട് പുനരുദ്ധാരണപ്രവൃത്തികൾ(വാർഡ് 18) | 59349 | 219 | 11 | 16/10/18<br>26/10/18 |
| 7 | 1608010003/IF/324384 | ഭവന നിർമ്മാണം 2(വാർഡ് 18) | 24390 | 90 | 8 | 21/5/18<br>1/1/19 |
| 8 | 1608010003/WC/300705 | ഫാം പോണ്ട് നിർമ്മാണം 1(വാർഡ് 18) | 73712 | 272 | 12 | 25/2/19<br>07/3/19 |
| 9 | 1608010003/IF/377202 | നീർത്തടാടിസ്ഥാനത്തിൽ ചെറുകിട നാമമാത്ര കർഷകർക്ക് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾഭാഗം3 വാർഡ്18 | 243358 | 898 | 38 | 2/2/19<br>22/3/19 |

## പൊതുവിവരങ്ങൾ -നെടുമ്പാശ്ശേരി പഞ്ചായത്ത്

| | |
|---|---|
| ജില്ല | എറണാകുളം |
| ബ്ലോക്ക് | പാറക്കടവ് |
| വിസ്തീർണം | 23.14 ച.കി.മീ |
| വാർഡുകളുടെ എണ്ണം | 19 |
| ജനസംഖ്യ | 30415 |
| പുരുഷൻമാർ | 15276 |
| സ്ത്രീകൾ | 15139 |
| ജനസാന്ദ്രത | 1224 |
| സ്ത്രീ : പുരുഷ അനുപാതം | 997 |
| മൊത്തം സാക്ഷരത | 93.6 |

Source: - GP website

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പുപദ്ധതി എറണാകുളം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

- ❖ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.
- ❖ ഫയൽ പരിശോധനയിൽ തൊഴിൽ ആവശ്യപ്പെട്ട രേഖകൾ കാണാൻ കഴിഞ്ഞു എങ്കിലും ഏതു തിയതിയിൽ ആണ് അപേക്ഷ സമർപ്പിച്ചത് എന്നത് വ്യക്തമല്ല . തൊഴിൽ തൊഴിൽ ആവശ്യപെട്ട് നിശ്ചിത
- ❖ ദിവസങ്ങൾക്കകം തൊഴിൽ ലഭിക്കുന്നില്ല എന്ന് തൊഴിലാളികളുടെ വാക്കുകളിൽ പ്രകടമായിരുന്നു
- ❖ തൊഴിലില്ലായ്മ വേതനത്തെ കുറിച്ച് തൊഴിലാളികൾക്ക് ധാരണയും ഇല്ല
- ❖ തൊഴിലിടം സന്ദർശിച്ചതിൽ നിന്നും, തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.
- ❖ പ്രഥമ ശുശ്രൂഷ കിറ്റ്, തണൽ എന്നിവ തൊഴിലാളികൾ സ്വന്തമായി(പണം മുടക്കി) ക്രമീകരിച്ചിരിക്കുന്നതാണ്.
- ❖ ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
- ❖ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.
- ❖ തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
- ❖ അപകടം സംഭവിച്ചാൽ ചിലവാകുന്ന പണം സംബന്ധിച്ച് അപകടം സംഭവിച്ച ശേഷം ലഭിക്കുന്ന കൂലിയെ കുറിച്ച് തൊഴിലാളികൾക്കിടയിൽ അവ്യക്തത നിലനിൽക്കുന്നു

## 22 ഡൊക്യുമെന്റ്സ്

1. കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 9 ഫയലുകളിലും കവർ പേജ് കാണാൻ സാധിച്ചു . എന്നാൽ , കവർ പേജിൽ സ്റ്റേറ്റ് ലോഗോ ഉണ്ടായിരുന്നില്ല മാത്രമല്ല പൂർണമായി വിവരങ്ങൾ ചേർത്തിരുന്നില്ല

2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 9 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചു . എന്നാൽ പേജ് നമ്പറുകൾ പൂർണ്ണമയും രേഖപ്പെടുത്തിയിരുന്നില്ല .

3. ആക്ഷൻപ്ലാൻ കോപ്പി

വാർഷിക മാസ്റ്റർ സറക്യൂലർ പ്രകാരം നിർബന്ധമായും പ്രവർത്തി ഫയലിൽ ഉണ്ടായിരിക്കേണ്ട ഒന്നാണ് ആക്ഷൻ പ്ലാനിന്റെ കോപ്പി. പരിശോധിച്ച എല്ലാ ഫയലുകളിലും ചെക്ക് ലിസ്റ്റിൽ ആക്ഷൻ പ്ലാനിന്റെ കോപ്പി ഉൾപെടുത്തിയിട്ടുണ്ട് എന്നാൽ, ഉൾപെടുത്തിയിരിക്കുന്നത് ഷെൽഫ് ഓഫ് പ്രൊജക്റ്റിന്റെ കോപ്പി ആണോ ആക്ഷൻ പ്ലാനിന്റെ കോപ്പി എന്നത് സംശയം ജനിപ്പിക്കുന്നു

4. എസ്റ്റിമേറ്റ് കോപ്പി

പരിശോധിച്ച എല്ലാ ഫയലുകളിലും സെക്യൂരിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, ,ജനകീയ എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരുന്നില്ല.

5. സാങ്കേതികാനുമതി

പരിശോധിച്ച എല്ലാ ഫയലുകളിൽ സെക്യൂരിറ്റിൽ നിന്നെടുത്ത സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചില്ല.

6. ഭരണാനുമതി

പരിശോധിച്ച എല്ലാ ഫയലുകളിൽ സെക്യൂരിറ്റിൽ നിന്നെടുത്ത ഭരണാനുമതി യുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചില്ല.

7. സംയോജിത പദ്ധതി

പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികളിൽ ഒന്നും തന്നെ സംയോജിത പദ്ധതി ആയിരുന്നില്ല

8. തൊഴിലിനുള്ള അപേക്ഷ

പരിശോധിച്ച എല്ലാ ഫയലുകളിൽ ഏതെങ്കിലും തരത്തിലുള തൊഴിൽ അപേക്ഷ ഉണ്ടായിട്ട്ന്നു.(വെള്ള പേപ്പറിൽ തയ്യാറാക്കിയതും,അച്ചടിച രൂപത്തിലുമുള്ള അപേക്ഷകൾ ) എന്നാൽ, സമർപ്പിക്കപ്പെട്ട തീയതി ഏതു ദിവസം മുതൽ ആണ് തൊഴിൽ വേണ്ടതെന്നോ എത്ര ദിവസത്തേക്കന്നോ കൃത്യമായി വ്യക്തമാക്കുന്നില്ല. കൈപ്പറ്റ് രസീത് കോപ്പി ഒന്നിലും ഉണ്ടായിരുന്നില്ല.

9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം

പരിശോധിച്ച 9 ഫയലുകളിൽ 6 പ്രവർത്തികളിലും അനുവദിച്ച ഫോം ഉണ്ടായിരുന്നു .

10. ഇ മസ്റ്റർ റോൾ

പരിശോധിച്ച എല്ലാ പ്രവർത്തി ഫയലുകളുടെ മസ്റ്റർ റോളുകളിലും കാര്യമായ വെട്ടിത്തിരുത്തലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രെട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി കൃത്യമായി രേഖപ്പെടുത്തുന്നില്ല . മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

11. മെഷർമെന്റ് ബുക്ക്

എല്ലാ പ്രവർത്തി ഫയലുകളിലും മെഷർമെന്റ് ബുക്ക് ഉണ്ടായിരുന്നു തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർ ഒപ്പ് രേഖപെടുതുന്നതോടൊപ്പം തിയതി രേഖപ്പെടുത്തുന്നുണ്ട്

12. മെറ്റീരിയൽ

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല.
അതുകൊണ്ടു ബാധകമല്ല.

13. വേജ് ലിസ്റ്റ്

എല്ലാ പ്രവർത്തി ഫയലുകളിലും വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നു . വേജ് ലിസ്റ്റ് മസ്റ്റർ റോളുകൾക്ക് ആനുപാതികം ആയിരുന്നു.

14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

എല്ലാ പ്രവർത്തി ഫയലുകലുകളിലും വേജ് ലിസ്റ്റുകൾക്കു ആനുപാതികമായി ഫണ്ട് ട്രാൻസ്ഫർ ഓർഡർ കാണാൻ സാധിച്ചു.

15. മെറ്റീരിയൽ വൗച്ചർ ബിൽ

മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തികൾ ഒന്നും ഉണയിരുന്നില്ല

16. റോയൽറ്റി

പരിശോധിച്ച പ്രവർത്തികളിൽ റോയൽറ്റി ബാധകം ആയിരുന്നില്ല

17. ഫോട്ടോഗ്രാഫ്സ്

ഏഴു ഒന്ന് രണ്ടു പോണ്ട് നിർമ്മാണം, സ് സി ഭവന നിർമ്മാണം-രണ്ട എന്നി ഫയലുകളിൽ ഒരു ഘട്ടത്തിലെയും ഫോട്ടോസ് ഉണ്ടായിരുന്നില്ല. 7 ഫയലുകളിൽ 2 ഘട്ടത്തിലെ ഫോട്ടോകൾ ഉണ്ടായിരുന്നു (ആരംഭിക്കുന്നതിനു മുന്പും നടന്നു കൊണ്ടിരിക്കുമ്പോഴും). ഒരു പ്രവർത്തിയുടെ ഫയലിൽ 3 ഘട്ടങ്ങളിലെ ഫോട്ടോകൾ ഉൾപ്പെടുത്തിയിരുന്നു .

18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

19. മസ്റ്റർ റോൾ മൂവേമെന്റ്

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു, എന്നാൽ കൃത്യമായി രേഖപെടുത്താതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂർണമായി എല്ലാ മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകളും കാണപ്പെട്ടു .

20. ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്ണ്ണ്

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

22. സൈറ്റ് ഡയറി

പ്രവർത്തികളുടെ ഫയൽ പരിശോധനയിൽ വ്യതിഗത പ്രവർത്തികൾ ഒഴിച്ച് ബാക്കി എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം ,വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല. എന്നാൽ, വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടിൽ വിവരണങ്ങൾ ചേർത്തിട്ടില്ല.

7 രജിസ്റ്റർ

സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകളിൽ മൂന്നാമത്തെ രജിസ്റ്റർ(ഡിമാൻഡ്,ആലോക്കെഷൻ ആൻഡ് പെയ്മെന്റ് ഓഫ് വേജസ് ) ഒഴികെ എല്ലാ രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ട്. പരാതി രജിസ്റ്ററിൽ കാണപ്പെട്ട പരാതികൾ പരിഹരിച്ചതായി രേഖപെടുതിയിട്ടുണ്ട്. രജിസ്റ്ററുകൾ ചിലത് പഴയ മാതൃകയിൽ കാണപ്പെടുന്നു.

സിറ്റിസെൻ ഇൻഫർമേഷൻ ബോർഡ് (CIB)

പൊതുപ്രവർത്തി ഇടങ്ങളിൽ നിശ്ചിത മാത്രകയിൽ വിരങ്ങൾ രേഖപെടുത്തിയ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ് എന്നാൽ എല്ലാ പ്രവർത്തി ഇടങ്ങളിലും ഇത്തരത്തിൽ ബോർഡുകൾ കാണാൻ കഴിഞ്ഞില്ല

തൊഴിൽ കാർഡ് പരിശോധന

പരിശോധനക്ക് വിധേയമാക്കിയ കാർഡുകളിൽ തൊഴിൽ ചെയ്യുന്ന തൊഴിൽ ചെയ്യുന്ന ദിവസങ്ങൾ മാർക്ക് ചെയ്യുന്നതായി കാണപ്പെട്ടു എന്നാൽ തൊഴിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ രേഖപ്പെടുത്തിയതായി കണ്ടില്ല

## അളവുകളെ സംബധിച്ച്

| പ്രവർത്തിയുടെ പേര് | M ബുക്ക് പ്രകാരം | ഫീൽഡിൽ കണ്ടത് | കുറിപ്പ് |
|---|---|---|---|
| നീർത്തടാടിസ്ഥാനത്തിൽ ചെറുകിട നാമമാത്ര കർഷകർക്ക് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഭാഗം 2 വാർഡ് 18 | 5530 m നീളം 45 cm വീതി 45 cm ആഴം<br>മണ്ണ് വരം/ തോട് | അളന്ന് തിട്ടപ്പെടുത്താൻ<br>സാധ്യമല്ല | പ്രവർത്തി പൂർത്തികരിച്ച് മാസങ്ങൾക്ക് ശേഷം ഇത്തരം പ്രവർത്തി അളന്ന് തിട്ടപെടുത്താൻ സാധിക്കുന്നില്ല. അതിനാൽ, പ്രവർത്തി ചെയ്ത തൊഴിലാളി പ്രതിനിധി എന്ന നിലയിൽ മേറ്റ് ൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യ പത്രം വാങ്ങി |
| തരിശ്/പാഴ് ഭൂമി കൃഷിയോഗ്യമാക്കൽ ഭാഗം 1(വാർഡ് 18) | 4307 മീറ്റർ നീളത്തിൽ വ്യത്യസ്ത വീതിയിലും ഉയരം/ആഴം ഉള്ള | അളന്ന് തിട്ടപ്പെടുത്താൻ<br>സാധ്യമല്ല | പ്രവർത്തി പൂർത്തികരിച്ച് മാസങ്ങൾക്ക് ശേഷം ഇത്തരം പ്രവർത്തി അളന്ന് |

| | | | |
|---|---|---|---|
| | മണ്ണ് അനുബന്ധ പ്രവർത്തികൾ<br><br>മണ്ണ് വരം/ തോട് | | തിട്ടപെടുത്താൻ സാധിക്കുന്നില്ല. അതിനാൽ, പ്രവർത്തി ചെയ്ത തൊഴിലാളി പ്രതിനിധി എന്ന നിലയിൽ മേറ്റ് ൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യ പത്രം വാങ്ങി |
| തരിശ്/പാഴ് ഭൂമി കൃഷിയോഗ്യമാക്കൽ ഭാഗം 2(വാർഡ് 18) | 3456 മീറ്റർ നീളത്തിൽ 50 cm(average ) വീതിയിലും ആഴത്തിലോ ഉയരത്തിലോ ഉള്ള മണ്ണ് വാരം/തോട് | അളന്ന് തിട്ടപ്പെടുത്താൻ<br><br>സാധ്യമല്ല | പ്രവർത്തി പൂർത്തികരിച്ച് മാസങ്ങൾക്ക് ശേഷം ഇത്തരം പ്രവർത്തി അളന്ന് തിട്ടപെടുത്താൻ സാധിക്കുന്നില്ല. അതിനാൽ, പ്രവർത്തി ചെയ്ത തൊഴിലാളി പ്രതിനിധി എന്ന നിലയിൽ മേറ്റ് ൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യ പത്രം വാങ്ങി |
| ഭവന നിർമ്മാണം 1(വാർഡ് 18) | നിർമ്മാണ ഘട്ടം അനുസരിച്ച് നൽകുന്നത് | നിർമ്മാണ ഘട്ടം അനുസരിച്ച് പണം നൽകിയിരിക്കുന്നു | പ്രവർത്തി ഇടം സന്ദർശിച്ചു |
| നീർത്തടാടിസ്ഥാനത്തിൽ ദുർബല ജന വിഭാഗങ്ങൾക്ക് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഭാഗം 1(വാർഡ് 18) | 5150 m നീളം 45 cm വീതി 45 cm ആഴം<br><br>മണ്ണ് വരം/ തോട് | അളന്ന് തിട്ടപ്പെടുത്താൻ<br><br>സാധ്യമല്ല | പ്രവർത്തി പൂർത്തികരിച്ച് മാസങ്ങൾക്ക് ശേഷം ഇത്തരം പ്രവർത്തി അളന്ന് തിട്ടപെടുത്താൻ സാധിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | അതിനാൽ, പ്രവർത്തി ചെയ്ത തൊഴിലാളി പ്രതിനിധി എന്ന നിലയിൽ മേറ്റ് ൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യ പത്രം വാങ്ങി |
| മരങ്ങാട് തോട്,പോട്ട തോട് പുനരുദ്ധാരണപ്രവൃത്തികൾ(വാർഡ് 18) | 454 m *1.40 m* 50 cm<br>280 m*1 m*45 cm<br>(നീളം*വീതി*ആഴം | 700 മീറ്ററിൽ അധികം നീളത്തിൽ ജിയോ ട്രാക്കർ ഉപയോഗിച്ചു അളന്നു പല ഭാഗത്തായി നടക്കുന്നതിനു സാധിച്ചില്ല അത്തരത്തിൽ 150 m ഭാഗം ഉണ്ടായിരുന്നു എന്ന് കരുതുന്നു. വീതി വ്യത്യസ്ത ഭാഗങ്ങളിൽ വളരെ മാറ്റങ്ങൾ ഉണ്ടായിരുന്നു | നീളം M book ൽ കണ്ടെതിനെക്കാൾ അധികം കാണാൻ കഴിഞ്ഞു എന്നാൽ വീതി ആഴം എന്നിവ ഇപ്പോൾ തിട്ട പെടുത്തുന്നതിന് പല കാരണങ്ങൾ മൂലം സാധിക്കുന്നില്ല<br>ഉദ : മഴ , കന്നുകാലി etc |
| ഭവന നിർമ്മാണം 2(വാർഡ് 18) | നിർമ്മാണ ഘട്ടം അനുസരിച്ച് നൽകുന്നത് | നിർമ്മാണ ഘട്ടം അനുസരിച്ച് പണം നൽകിയിരിക്കുന്നു | പ്രവർത്തി ഇടം സന്ദർശിച്ചു |
| ഫാം പോണ്ട് നിർമ്മാണം 1(വാർഡ് 18) | 3.14 വ്യാസം 2 എണ്ണം | രണ്ട് വ്യത്യസ്ത ഇടങ്ങളിൽ ചെയ്തിരിക്കുന്നു. വെള്ളം നിറഞ്ഞ വയലിന് നടുവിൽ ആയതിനാൽ | രണ്ട് കുളങ്ങൾ കാണുകയും ജിയോ ട്രാക്കറിൽ<br>അടയാളപ്പെടുത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | അളക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു | |
| നീർത്തടാടിസ്ഥാനത്തിൽ ചെറുകിട നാമമാത്ര കർഷകർക്ക് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾഭാഗം3 വാർഡ18 | 7,487 മീറ്റർ നീളത്തിൽ വ്യതസ്ഥ ഉയരത്തിലും വീതിയിലും ഉള്ള മണ്ണ് വാരമോ തോടോ കാണെണ്ടതാണ് | അളന്ന് തിട്ടപ്പെടുത്താൻ സാധ്യമല്ല | പ്രവർത്തി പൂർത്തികരിച്ച് മാസങ്ങൾക്ക് ശേഷം ഇത്തരം പ്രവർത്തി അളന്ന് തിട്ടപെടുത്താൻ സാധിക്കുന്നില്ല. അതിനാൽ, പ്രവർത്തി ചെയ്ത തൊഴിലാളി പ്രതിനിധി എന്ന നിലയിൽ മേറ്റ് ൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യ പത്രം വാങ്ങി |

## പ്രധാന നിരീക്ഷണങ്ങളും കണ്ടെത്തലുകളും

- ഫയലുകളും രേജിസ്റ്ററുകളും ഏറ്റവും നന്നായി സുക്ഷിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നെടുമ്പാശ്ശേരി പഞ്ചായത്ത്
- നിർദേശങ്ങൾ ഉൾകൊള്ളുന്നതിനുള്ള സന്നദ്ധത
- സോഷ്യൽ ഓഡിറ്റ് പ്രക്രിയയോട് അനുകൂല നിലപാട്
- ഫയലിൽ സ്വകാര്യ ഭൂഉടമകളുടെ ഭൂമിയിൽ പ്രവർത്തി ചെയ്യുമ്പോൾ സർവ്വേ നമ്പരുകൾ രേഖ്പെടുതുമ്പോൾ പേര് വിവരങ്ങൾ കൂടി ഉൾപെടുത്തണം
- കുളങ്ങൾ പോലുള്ള പ്രവർത്തികൾ ചെയ്യുമ്പോൾ ആൾമറ ഉൾപെടുത്തണം അല്ലെങ്ങിൽ തുറസ്സായ സ്ഥലങ്ങളിലെ

കുളങ്ങൾ മനുഷ്യനും മൃഗങ്ങൾക്കും ഒരുപോലെ ഭീഷണി ആകും

- ❖ മരങ്ങട് തോട് വീതി വളരെ കുറവായി കാണപ്പെട്ടു എന്നാൽ ആ പ്രവർത്തിയിൽ ആകെ അളവുകൾ കണക്കമ്പോൾ കൂടുതൽ ചെയ്യിരിക്കുന്ന നീളം പരിഗണിക്കുമ്പോൾ നഷ്ട്ട സ്വഭാവം പ്രകടമല്ല
- ❖ നീർത്തട അധിഷ്ഠിത – മണ്ണ് അനുബന്ധ പ്രവർത്തികൾ പൂർത്തികരിച്ചു കഴിയുന്ന മുറക്ക് ഓഡിറ്റ് സംബന്ധിച്ച വിശകലനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്.
- ❖ തൊഴിൽ കാർഡ് പുതുക്കുന്നതിന് ഫോട്ടോ എടുത്ത ഇനത്തിൽ പണം ചിലവായി എന്നത് ഒഴിച്ചാൽ കാർഡിന് പണം ചിലവയിട്ടില്ല
- ❖ പല അവകാശങ്ങളെയും കുറിച്ച് തൊഴിലാളികൾക്ക് അറിവില്ല. തോഴിലിടത്തെ അപകടങ്ങൾ അതിന് ലഭിക്കുന്ന അനുകുല്യങ്ങൾ എന്നിവ സംബന്ധിച്ചു പലവിധ സംശയങ്ങൾ നിലനിൽക്കുന്നു
- ❖ തൊഴിലാളികൾക്ക് 5 km ചുറ്റളവിൽ ജോലി ലഭിക്കുന്നുണ്ട്
- ❖ തണൽ , പ്രഥമ പ്രാഥമിക ശുശ്രൂഷ കിറ്റ് എന്നിവ സജ്ജികരിക്കുന്നതിന് തൊഴിലാളികൾ പണം ചിലവഴിക്കേണ്ടി വരുന്നു
- ❖ ആഗ്രഹിക്കുന്ന സമയത്ത് അർഹതപ്പെട്ട തൊഴിൽ ലഭിക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു
- ❖ കൈപറ്റ് രസീത് നൽകുന്നതായി അറിയാൻ സാധിച്ചില്ല
- ❖ സിറ്റിസെൻ ഇൻഫർമേഷൻ ബോർഡ് എല്ലാ പ്രവർത്തി ഇടങ്ങളിലും സ്ഥാപിച്ചിട്ടില്ല

## <u>നിർദേശങ്ങൾ</u>

- ➢ ആനുവൽ മാസ്റ്റർ സർകുലർ(AMC) പ്രകാരമുള്ള 22 ഇനം രേഖകൾ 7 ഇനം രജിസ്റ്റർകൾ എന്നിവ സുക്ഷിക്കുന്നതിന് സമയബന്ധിതമായി പരിശിലനം ജില്ല/ബ്ലോക്ക് തലത്തിൽ നൽകുക . ബന്ധപെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുക
- ➢ AMC പ്രകാരമുള്ള രേഖകൾ / രജിസ്റ്റർകൾ ഉണ്ടെന്ന് ബ്ലോക്ക് തലത്തിൽ ഉറപ്പ് വരുത്തുക
- ➢ ഫയൽ സുക്ഷിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് ജീവനകർക്ക് പരിശിലനം നല്കണം
- ➢ മാറുന്ന മാതൃകകൾ കൃത്യമായ പരിശീലനത്തെ തുടർന്ന് ലഭ്യമാക്കണം

- കുളങ്ങൾ പോലുള്ള പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ സുരക്ഷ അതീവ പ്രധാന്യത്തോടെ കാണണം
- സർവ്വേ നമ്പരുകൾ രേഖ്പെടുതുമ്പോൾ പേര് വിവരങ്ങൾ കൂടി ഉൾപെടുത്തണം
- തണൽ , പ്രഥമ പ്രാഥമിക ശുശ്രൂഷ കിറ്റ് എന്നിവ സൗജന്യമായി ലഭ്യമാക്കണം
- സിറ്റിസെൻ ഇൻഫർമേഷൻ ബോർഡ് എല്ലായിടത്തും സ്ഥാപിക്കണം
- അവകാശങ്ങൾ ചർച്ച ചെയ്യുന്നതിനും തൊഴിൽ ആവശ്യപ്പെടുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും റോസ്റ്റർ ദിവസം ആചരിക്കണം
- മുതിർന്ന പൗരന്മാർക്ക് എളുപ്പത്തിൽ ഒപ്പ് രേഖപ്പെടുത്താവുന്ന വിധത്തിൽ മസ്റ്റർ റോള് A3 ഷീറ്റിൽ ലഭ്യമക്കാമോ എന്ന് പരിശോധിക്കണം
- പ്രവർത്തി സ്ഥലങ്ങളിൽ തൊഴിലുറപ്പ് ജീവനക്കാർ അല്ലാത്ത പഞ്ചായത്ത് ബ്ലോക്ക് ജില്ല തലങ്ങളിൽ ഉള്ള ഉദ്യോഗസ്ഥരുടെ സന്ദർശനം ഉണ്ടാകണം
- വിജിലൻസ് മോണിട്ടറി കമ്മിറ്റി ശക്തിപെടുത്തണം
- പ്രവർത്തി ഇടങ്ങളിൽ കയ്യുറ കാലുറ എന്നിവ ലഭ്യമാക്കണം

<u>നന്ദി</u>

പാറക്കടവ് ബ്ലോക്കിലെ നെടുമ്പാശ്ശേരി പഞ്ചായത്തിലെ വാർഡ് 18 2018-19 സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് വാർഡ് മെമ്പർ BDO, JBDO, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പു വിഭാഗം ജീവനക്കാർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ സർവ്വോപരി തൊഴിലാളികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

## മഹാത്മാഗാന്ധി ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി
## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിറ്റ്സ്

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ നെടുമ്പാശ്ശേരി പഞ്ചായത്തിലെ വാർഡ് 18 (പൊയ്ക്കട്ടുശ്ശേരി സൗത്ത്) ദേശീയ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് 6/9/ 2019 തിയതി പൊയ്ക്കട്ടുശ്ശേരി മാർ ബഹനാൻ പള്ളിയിൽ വച്ചു രാവിലെ 10.30 ആരംഭിച്ചു .സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ സ്വാഗതഗാനത്തോടെ ആരംഭിച്ചു.തൊഴിലാളികൾ ശ്രിമതി തങ്കമണി ശിവൻ അധ്യക്ഷ്യയാകുന്നതിന് നിശ്ചയിച്ച് തിരഞ്ഞെടുത്തു .ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡൻറ് ഗ്രാമസഭയെ അഭിസംബോധന ചെയ്തു.തുടർന്ന് അധ്യക്ഷ സംസാരിച്ചശേഷം സോഷ്യൽ ഓഡിറ്റ് ആമുഖ വിവരണത്തിന് ബി ആർ പി വിനുവിനെ ക്ഷണിച്ചു. ഓഡിറ്റ് കരട് റിപ്പോർട്ട് അവതരണത്തിന് പാറക്കടവ് ബ്ലോക്ക് റിസോഴ്സ് പെർസൻ ജസ്റ്റിൻ നെ ക്ഷണിച്ചു. തയ്യാറാക്കിയ കരട് റിപ്പോർട്ട് അവതരിപ്പിക്കുകയും തുടർന്ന് ചർച്ചകളും മറുപടികളും ക്രോഡീകരണവും നടത്തി . റിപ്പോർട്ടിന്മേൽ നടന്ന ചർച്ചകൾ ഗ്രാമസഭയുടെ നിർദേശങ്ങൾ ഉദ്യോഗസ്ഥരുടെ മറുപടികൾ എന്നിവ ചുവടെ ചേർക്കുന്നു

### ചർച്ചകളും തിരുമാനങ്ങളും

- സമയബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പറഞ്ഞു. സർക്കാരിന്റെ ഭാഗത്ത് നിന്നും ശക്തമായ ഇടപെടൽ ഉണ്ടാകണം എന്ന് ഗ്രാമസഭ നിർദേശിച്ചു .
- തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ഫോട്ടോ മുൻകാലങ്ങളിൽ അക്ഷയയുമായി കരാറിൽ ഏർപെടുകയും സൗജന്യമായി ലഭ്യമാക്കിയിരുന്നുഎന്നാൽ കരാർ നിലവിൽ ഇല്ല എന്ന് സ്റ്റാഫ് അറിയിച്ചു.ഇതുമായി ബന്ധപെട്ട ഉത്തരുവുകൾ പരിശോധിക്കാം എന്നും ജില്ല അവലോകന യോഗത്തിൽ അറിയിക്കാം എന്നും ബ്ലോക്കിലെ ഉദ്യോഗസ്ഥർ അറിയിച്ചു.
- കൂലി കുറഞ്ഞത് 700 രൂപ ആക്കണം എന്ന് ഗ്രാമസഭ ആവശ്യപെട്ടു.
- പ്രഥമ ശുശ്രുഷ കിറ്റിൽ മരുന്നുകൾ മുൻപ് ലഭിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ ഉൾകൊള്ളിക്കാൻ സാധിക്കാത്തതിനാൽ ഇപ്പോൾ നല്കാൻ സധിക്കുന്നില്ല സ്റ്റാഫ് പറഞ്ഞു . എന്നാൽ പഞ്ചായത്ത് ഇതിനു വേണ്ടി പ്രത്യേകം പദ്ധതി തയ്യാറാക്കും എന്ന് മെമ്പർ അറിയിച്ചു

- അപകടം സംഭവിച്ചാൽ PHC യിൽ തന്നെ പോകണോ തുടങ്ങിയ കാര്യങ്ങളിൽ കൃത്യമായ വിവരണം അടുത്ത ഗ്രമാസഭയിൽ നല്കാൻ ബ്ലോക്ക് പ്രോഗ്രാം ഓഫീസിറോട് നിർദേശിച്ചു.
- കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അനുയോജ്യമായ സമയത്തല്ല നടുക്കുന്നത് എന്ന് കർഷകർ അഭിപ്രായപെട്ടു.
- നെല്ല്കൃഷി പ്രവർത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തണം എന്ന് കർഷകർ ആവശ്യപെട്ടു . എന്നാൽ നിലവിലെ നിർദേശങ്ങൾ പ്രകാരം അത് അനുവദിക്കാൻ തടസ്സങ്ങൾ ഉണ്ട് എന്ന് ബ്ലോക്ക് ഉദ്യോഗസ്ഥർ മറുപടി നൽകി.
-
- കൂലി കൃത്യസമയത്ത് ലഭികുന്നില്ല നടപടി ഉണ്ടാകണം എന്ന് നിർദേശിച്ചു
- സുരക്ഷ ഉപകരണങ്ങൾ ലഭിക്കുന്നില്ല അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം എന്ന് ആവശ്യപെട്ടു
- കാർഷിക കലണ്ടർ പ്രകാരമുള്ള പ്രവർത്തികൾ അനുയോജ്യമായ സമയങ്ങളിൽ ചെയ്യണം
- അനുവദനിയ പ്രവർത്തികൾ ഏതെല്ലാം എന്ന് മനസിലാക്കുന്നതിനും പദ്ധതിയെ കുറിച്ച് അവബോധം വളർത്തുന്നതിനും തൊഴിലാളി ദിനം ആചരിക്കുന്നത് നന്നായിരിക്കും എന്ന് അഭിപ്രായം ഉയർന്നു.
- സാധ്യമായ പ്രവർത്തികൾ , തൊഴിലാളികളുടെ കായിക ബലം എന്നിവ പരിഗണിച്ചുള്ള പ്രവർത്തികൾ എന്നിവയെ കുറിച്ച് ചർച്ച നടന്നു
- VMC ശക്തിപെടുത്തണം അതിനുവേണ്ട നടപടികൾ സ്വീകരിക്കണം, പ്രവർത്തികൾ നടുക്കുമ്പോൾ VMC അംഗങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം എന്ന് നിർദേശിച്ചു.
- പൊതു അവധി ദിവസങ്ങൾ കൂലിയോടുകൂടിയ അവധി ആക്കണം എന്ന് അഭിപ്രായം ഉയർന്നു . എന്നാൽ നിലവിലെ സാഹചര്യത്തിൽ അത് സാധ്യമല്ല എന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

- പ്രവർത്തികൾ ചെയ്യുന്ന തോടുകൾ പോലുള്ള സ്ഥലങ്ങളിൽ കയ്യേറിയ ഭാഗങ്ങളിൽ അത് ഒഴിപ്പിച്ച് അളന്ന് തിട്ടപെടുത്തി തരുന്നതിന് ബന്ധപെട്ട ഉദ്യോഗസ്ഥരോട് നിർദേശിക്കാൻ ഈ ഗ്രമസഭക്ക് അധികാരം ഉണ്ടോ എന്ന് ഗ്രാമസഭ ചോദിച്ചു. സോഷ്യൽ ഓഡിറ്റ് യുണിറ്റിൽ സംസാരിച്ച ശേഷം അറിയിക്കാം എന്ന് ബി ആർ പി ഗ്രമസഭയെ അറിയിച്ചു

  പഞ്ചായത്ത് തൊഴിലുറപ്പ് ഉദ്യോഗസ്ഥർ . വനിതാ വികസന ഓഫീസർ , സോഷ്യൽ ഓഡിറ്റ് ജില്ല റിസോഴ്സ് പെർസൺ എന്നിവർ സംസാരിച്ചു . വാർഡ് മെമ്പർ ശ്രിമതി. അംബിക നന്ദി അറിയിച്ചു അതിനുശേഷം അധ്യക്ഷ ഗ്രാമസഭ അവസാനിപ്പിച്ചു.